**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4217** **28-06-2024 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2020-ൽ അപേക്ഷ ക്ഷണിച്ച ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം തയ്യാറാക്കിയ അർഹതാ ലിസ്റ്റിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്നും ഇതിൽ എത്ര പേരുടെ ഭവന നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നുമുള്ള വിവരം പട്ടികജാതി -പട്ടികവർഗ - ജനറൽ വിഭാഗം തിരിച്ച് നൽകുമോ; | (എ) | സംസ്ഥാനത്ത് 2020-ൽ അപേക്ഷ ക്ഷണിച്ച ലൈഫ് ഭവനപദ്ധതി പ്രകാരം തയ്യാറാക്കിയ അർഹതാ ലിസ്റ്റിൽ ഭൂമിയുള്ള ഭവനരഹിതർ 3,69,262 പേരും, ഭൂരഹിത ഭവനരഹിതർ 1,96,446 പേരും ഉൾപ്പെടെ ആകെ 5,65,708 പേർ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ ഭവനനിർമ്മാണം പൂർത്തിയാക്കി യിട്ടുള്ള കുടുംബങ്ങളുടെ വിവരം പട്ടികജാതി, പട്ടികവർഗ്ഗം, ജനറൽ വിഭാഗം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ലൈഫ് 2020-ൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഹഡ്കോ ലോൺ വിഹിതം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ലോണിനു പകരം എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | ലൈഫ് 2020 ലിസ്റ്റിൽ ഉൾപ്പെട്ട, നിലവിൽ കരാറിലേർപ്പെട്ട ഗുണഭോ ക്താക്കൾക്ക് ഹഡ്കോ ലോൺ വിഹിതം ലഭ്യമാക്കുന്നുണ്ട്. ഇനിയും കരാറിലേർപ്പെടാനുള്ള ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള മാർഗ്ഗങ്ങൾ സർക്കാരിന്റെ സജീവ പരിഗണ നയിലാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## ഭൂമിയുള്ള ഭവനരഹിതർ

| അർഹരായവരുടെ എണ്ണം | | | | കരാറിലേർപ്പെട്ടവരുടെ എണ്ണം | | | | ഭവന നിർമ്മാണം പൂർത്തീകരിച്ചവരുടെ എണ്ണം | | | |
|---|---|---|---|---|---|---|---|---|---|---|---|
| പട്ടിക ജാതി | പട്ടിക വർഗ്ഗം | ജനറൽ | ആകെ | പട്ടിക ജാതി | പട്ടിക വർഗ്ഗം | ജനറൽ | ആകെ | പട്ടിക ജാതി | പട്ടിക വർഗ്ഗം | ജനറൽ | ആകെ |
| 68147 | 13222 | 287893 | 369262 | 30160 | 4875 | 58361 | 93396 | 12785 | 1035 | 27299 | 41119 |

## ഭൂരഹിത ഭവനരഹിതർ

| അർഹരായവരുടെ എണ്ണം | | | | ഭൂമി ലഭിച്ചവരുടെ എണ്ണം | | | | ഭവന നിർമ്മാണം പൂർത്തീകരിച്ചവരുടെ എണ്ണം | | | |
|---|---|---|---|---|---|---|---|---|---|---|---|
| പട്ടിക ജാതി | പട്ടിക വർഗ്ഗം | ജനറൽ | ആകെ | പട്ടിക ജാതി | പട്ടിക വർഗ്ഗം | ജനറൽ | ആകെ | പട്ടിക ജാതി | പട്ടിക വർഗ്ഗം | ജനറൽ | ആകെ |
| 46505 | 3470 | 146471 | 196446 | 561 | 56 | 1520 | 2137 | 53 | 8 | 268 | 329 |